## II. റൂളിംഗ്

<u>മി. സ്പീക്കർ:</u> പോയിന്റ് ഓഫ് ഓർഡറിനെ സംബന്ധിച്ച് ഡിബേററ് പാടില്ല എന്നത് വളരെ ക്ലിയറാണ്. എന്റെ മുൻഗാമി ശ്രീ. വക്കം പുരുഷോത്തമൻ കൊടുത്ത റൂളിംഗ് വളരെ കറക്ടാണ്. പക്ഷെ ഇവിടത്തെ കീഴ്വഴക്കം അനുസരിച്ച് ചിലപ്പോൾ സംസാരിക്കാറുണ്ട്. But the Speaker may, if thinks fit hear members before giving the decision. പറയുന്നതു കേൾക്കാതെ ഞാൻ ഒരു തീരുമാനം എടുത്തു എന്ന് ഒരു ധാരണ വരണ്ട എന്നു കരുതി സീനിയർ അംഗങ്ങൾക്ക് ചിലപ്പോൾ അവസരം കൊടുക്കാറുണ്ട്, അതനുസരിച്ച് കേട്ടു. പിന്നെ ഇന്നലെ സംസാരിച്ച കാര്യത്തെ സംബന്ധിച്ചിടത്തോളം അത് ശ്രീ. പിണറായി വിജയൻ ആയാലും ശരി, ശ്രീ. അഹമ്മദ് പട്ടേൽ ആയാലും ശരി, ഇവിടെ വ്യക്തമായ ഒരു നടപടിക്രമം ഉള്ളത് നിയമസഭയിൽ ഉള്ള ആളുകളെപ്പററി പറയുമ്പോൾ അവർക്ക് എക്സ്പ്ലനേഷൻ കൊടുക്കാൻ പററും, ബാക്കിയുള്ളവരെപ്പററി പറയുമ്പോൾ ആ സ്ററാൻഡേർഡ് കുറച്ചുകൂടി authenticate ആയിട്ടുവേണം എന്നുള്ളതാണ് accepted കാര്യം. ഇനി ഇവിടെ പല ആളുകളുടേയും പേരു പറഞ്ഞു, ശ്രീ. ടി. കെ. ദേവകുമാർ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു എന്നുള്ളത് ശരിയാണ്, പക്ഷെ ഈ കാര്യം ഏതെങ്കിലും മെമ്പർ പറഞ്ഞ സമയത്ത്....................................ഏതായാലും അതിനെ സംബന്ധിച്ച് ചെയറിന്റെ അഭിപ്രായം വളരെ വ്യക്തമാണ്. ആരോപണങ്ങൾ അങ്ങനെ സ്ററാൻഡേർഡ് വിട്ട് വ്യക്തിപരമായി എന്തെങ്കിലും ഉണ്ടോ എന്ന് ഞാൻ രേഖ പരിശോധിക്കാം, സ്ററാൻഡേർഡിൽ കുറഞ്ഞ കാര്യങ്ങളാണെങ്കിൽ അത് നീക്കം ചെയ്യുന്നതിനെപ്പററി പരിശോധിക്കാം.

## III. ഷോർട്ട് ക്വസ്ററ്യന്റെ മറുപടി സംബന്ധിച്ച്

<u>ഡോ. തോമസ് ഐസക്ക്:</u> സർ, ഞാൻ ഷോർട്ട് ക്വസ്ററ്യൻ നോട്ടീസ് ആയി ചില ചോദ്യങ്ങൾ ചോദിച്ചിരുന്നു. അത് ഇന്നത്തെ ചർച്ചയ്ക്ക് അത്യന്താപേക്ഷിതമായതുകൊണ്ട് ലഭ്യമാക്കണം.

<u>മി. സ്പീക്കർ:</u> അതിൽ കാര്യം ഇത്രയേയുള്ളൂ, ചോദ്യോത്തര സമയം ഇന്ന് ഇല്ല. അങ്ങ് തന്ന നോട്ടീസ് ഞാൻ അദ്ദേഹത്തിന് കൊടുത്തു. അദ്ദേഹത്തിന് വേണമെങ്കിൽ മറുപടിയിൽ പറയാം. അല്ലെങ്കിൽ അടുത്ത ചോദ്യോത്തര ദിവസം പറയാം. I can't compel എന്താണ് പ്രതികരണമെന്ന് എനിക്കറിയില്ല. അദ്ദേഹം ഇവിടെ ഇല്ല.

## IV. അവിശ്വാസപ്രമേയം (ചർച്ച തുടർച്ച)

<u>ശ്രീ. ജി. കാർത്തികേയൻ:</u> സർ, ഉമ്മൻചാണ്ടി മന്ത്രിസഭയുടെ മേൽ അവിശ്വാസം രേഖപ്പെടുത്തിക്കൊണ്ടുള്ള ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു. സാധാരണഗതിയിൽ ഒരു അവിശ്വാസ പ്രമേയം വരുമ്പോൾ അതിന് ആധാരമായ കാര്യങ്ങൾ അവതരിപ്പിച്ചു പ്രസംഗിക്കാനുള്ള ബാദ്ധ്യത അവതരിപ്പിക്കുന്ന വ്യക്തിക്കും അല്ലെങ്കിൽ അദ്ദേഹം നയിക്കുന്ന പ്രസ്ഥാനത്തിനുമുണ്ടാകാറുണ്ട്. കഴിഞ്ഞ ദിവസം നടന്ന ചർച്ചകളിലെങ്ങും ഉമ്മൻ ചാണ്ടി മന്ത്രിസഭയുടെ മേൽ അവിശ്വാസം രേഖപ്പെടുത്തുന്നതിന് പര്യാപ്തമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly